# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**
**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 23-03-2012

## സ്കൂൾ വിദ്യാഭ്യാസം
## ഘടനാമാറ്റം പൊതുചർച്ചയ്ക്ക് വിധേയമാക്കണം
### കെ.എസ്.ടി.എ

വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനയിൽ മാറ്റം വരുത്താനുള്ള ബഡ്ജറ്റ് നിർദ്ദേശം പൊതുചർച്ചയ്ക്ക് വിധേയമാക്കണമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്ന മാറ്റങ്ങൾ ഏകപക്ഷീയമായി നടപ്പാക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ലിഡാ കമ്മീഷൻ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ പരിശോധിക്കാൻപോലും സർക്കാർ തയ്യാറായിട്ടില്ല. അഞ്ചാം ക്ലാസും എട്ടാം ക്ലാസും മാറ്റുന്നതിന്റെ ഭാഗമായി അക്കാദമികവും തൊഴിൽപരവുമായ നിരവധി പ്രശ്നങ്ങളുാവും. എട്ടാംക്ലാസ് യു പി യുടെ ഭാഗമായി മാറുമ്പോൾ നിലവിലുള്ള അധ്യാപകരുടെ യോഗ്യതയിൽ മാറ്റം വരും. യു പി വിഭാഗം ഹൈസ്കൂളിൽ നിന്ന് മാറ്റപ്പെടുമ്പോൾ ഒൻപതും പത്തും ക്ലാസുകൾ മാത്രമുള്ള ഹൈസ്കൂളുകളുടെ പ്രശ്നങ്ങൾ, എൽ പി ക്ലാസുകളിലെ കുട്ടികൾ അഞ്ചാം ക്ലാസുവരെ പഠിക്കുമ്പോൾ ഉാകുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തതത ഉാക്കാൻ കഴിഞ്ഞിട്ടില്ല. സ്കൂളുകളിൽ പുതിയ ക്ലാസ് മുറികൾ നിർമ്മിക്കേതായിവരും. എയ്ഡഡ് സ്കൂളുകളിൽ പുതിയ നിയമനങ്ങളില്ലാതെ ഇത് സാധ്യമാവുമോ എന്ന് ഉറപ്പുവരുത്തണം എയ്ഡഡ് സ്കൂളുകളിൽ നിന്നും പുറത്താവുന്ന അധ്യാപകരെ എവിടെ പുനർവിന്യസിക്കും, ഹൈസ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ യോഗ്യതയിൽ മാറ്റംവരുത്തുമോ യു പി സ്കൂളുകളിൽ ജോലി ചെയ്യുന്ന ബിഎഡ് ഇല്ലാത്ത ഹെഡ്മാസ്റ്റർമാരെ നിലനിർത്താൻ കഴിയുമോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും വ്യക്തതയില്ല.

നാൽപത് ലക്ഷത്തോളം കുട്ടികളെയും രുലക്ഷത്തോളം അധ്യാപകരെയും ബാധിക്കുന്ന പ്രശ്നത്തെ ഒരു പ്രഖ്യാപനത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത് അത്യന്തം ജനാധിപത്യവിരുദ്ധമാണ്. പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപിനെ ബാധിക്കാത്ത വിധത്തിൽ അവധാനതയോടെ വരുത്തേ ഒരു പരിഷ്കാരമാണിത്. അധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും ആശങ്കകൾ ദൂരീകരിച്ചതിന് ശേഷമേ ഘടനാപരമായ മാറ്റം നടപ്പിലാക്കാവൂ എന്ന് ജനറൽ സെക്രട്ടറി എം ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി